**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **27-02-2023 - ൽ മറുപടിയ്ക്ക്**

**കയർ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കുന്നതിനും വ്യവസായം നവീകരിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കയറുല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ 2022-23 സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഉല്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ കയർ ബാഗുകൾ രൂപകല്പന ചെയ്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്ത് വരുന്നുണ്ട്.<br><br>ചകിരിച്ചോറ് കമ്പോസിറ്റ്, ജല ശുദ്ധീകരണ കാട്രിഡ്ജുകൾ എന്നിവയുടെ രൂപകല്പന എൻ.സി.ആർ.എം.ഐ.-യിൽ പുരോഗമിച്ചു വരുന്നു. കൂടാതെ പരമ്പരാഗത കയർ മേഖലയിലെ വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനവും എൻ.സി.ആർ.എം.ഐ. നടത്തി വരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി സാധ്യത കണ്ടെത്തുന്നുണ്ട്. |
| (ബി) | കയർ വ്യവസായം പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും വിപണനവും വിനോദസഞ്ചാര സാധ്യതയും കണക്കിലെടുത്തും ആരംഭിച്ച കയർ മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (ബി) | കയർഫെഡ്, കയർ കോർപ്പറേഷൻ, ന്യൂമോഡൽ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നം.524 എന്നീ സ്ഥാപനങ്ങളുടെ സ്ഥലവും കെട്ടിടവും ഏറ്റെടുത്താണ് കയർ മ്യൂസിയം നടപ്പാക്കുന്നത്. കയർ വികസന വകുപ്പ്, ടൂറിസം വകുപ്പ്, കിഫ്ബി എന്നീ സ്ഥാപനങ്ങൾ വഴിയാണ് ടി |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തിയിട്ടുള്ളത്.<br><br>കയർ വികസന വകുപ്പിന്റെ കീഴിൽ കയർ മ്യൂസിയത്തിൽ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു :<br><br>1. ഗോഡൗൺ 1-ന്റെ പുനരുദ്ധാരണം : 1.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>2. ഗോഡൗൺ 2 & 3-ന്റെ പുനരുദ്ധാരണം : കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ഗോഡൗൺ 4-ന്റെ പുനരുദ്ധാരണം : കെട്ടിടം കയർഫെഡിൽ നിന്നും വിട്ടുനൽകി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>4. ന്യൂമോഡൽ കയർ ഫാക്ടറിയുടെ ഇൻഡസ്ട്രിയൽ ബിൽഡിംഗ് (ഔട്ട് ഷെഡ്) ലീസിന് എടുക്കുന്നത് : 1,31,47,684/- രൂപ (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാല്പത്തിയേഴായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ) –യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>5. പാലാഴി കെട്ടിടത്തിന്റെ പുനരുദ്ധാരണം : 1,05,63,867/- രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി അറുപത്തിമൂന്നായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം)-യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>6. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ പുനരുദ്ധാരണം : നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ടൂറിസം വകുപ്പ് വഴി നടപ്പിലാക്കുന്ന മ്യൂസിയം കെട്ടിടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻഡസ്ട്രിയൽ ബിൽഡിംഗിലെ കോർട്ടിയാർഡ്, സ്റ്റെൻസിൽ യൂണിറ്റ്, കെമിക്കൽ സ്റ്റോറേജ്, മ്യൂസിയം ബിൽഡിംഗിലെ ഷെഡ്-2 എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേനയാണ് നടത്തി വരുന്നത്. |
| (സി) | പ്രസ്തുത കയർ മ്യൂസിയത്തിന്റെ നിർമ്മാണ ചുമതല | (സി) | ഇങ്കൽ ലിമിറ്റഡ്, മുസരീസ് പ്രോജക്ട് ലിമിറ്റഡ് എന്നീ |

| | | | |
|---|---|---|---|
| | ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് വെളിപ്പെടുത്താമോ; | | ഏജൻസികൾ മുഖാന്തിരമാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നത്. |
| (ഡി) | കയർ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളെയാണ് കയർ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കയർഫെഡ്, കയർ കോർപ്പറേഷൻ, എൻ.സി.ആർ.എം.ഐ, ഫോമിൽ എന്നീ സ്ഥാപനങ്ങളാണ് കയർ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നത്. |

സെക്ഷൻ ഓഫീസർ